വഞ്ചനാ സമരം നടത്തി

കാഞ്ഞങ്ങാട്: പാർട്ടിക്കും ബന്ധുക്കൾക്കും വേണ്ടി കോടികൾ സമ്പാദിക്കുന്ന പിണറായി സർക്കാരിന്റെ അധ:പതനം സുനിശ്ചിതമാണെന്ന് പ്രവാസി കോൺഗ്രസ്സ് ജില്ലാ പ്രസിഡണ്ട് പത്മരാജൻ ഐങ്ങോത്ത്. സർക്കാർ രാജിവെക്കണമെന്നാവശ്യമുയർത്തി കാഞ്ഞങ്ങാട് സൗത്ത് 19 -ാം വാർഡ് കമ്മിറ്റി നടത്തിയ വഞ്ചനാ സമരം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. നസീർ നന്ദാനത്ത് ആധ്യക്ഷം വഹിച്ചു. പി. ബാബുരാജ്, സുകുമാരൻ, കുഞ്ഞിക്കണ്ണൻ കെ, വിക്രമൻ കൂക്കൾ, വി ഗോപി, അനിൽകുമാർ, ദാമോദരൻ, കുഞ്ഞിരാമൻ, മോഹനൻ, നിധീഷ് കടയങ്കൻ സംസാരിച്ചു.

മൗലൂദ് ആഘോഷിച്ചു

കുമ്പള: മൊഗ്രാൽ നൂറുൽഹുദാ ഹയർ സെക്കണ്ടറി മദ്റസാ വിദ്യാർഥികളുടെ മെഹ്ഫിലെ റബീഅ് ഓൺലൈൻ നബിദിന കലാമത്സരങ്ങൾ സമാപിച്ചു. പ്ലസ്ടു വരെയുള്ള മദ്റസയിലെ മുന്നൂറോളം വിദ്യാർഥികൾക്ക് ഓഫ് സ്റ്റേജ് മത്സരങ്ങളാണ് നടന്നത്. മൊഗ്രാൽ സയ്യിദ് ഹാദി തങ്ങളുടെ നേതൃത്വത്തിൽ പ്രസിഡന്റ് ബി.എം അബ്ദുല്ല പതാക ഉയർത്തിയതോടു കൂടിയാണ് മത്സരങ്ങൾക്ക് പ്രാരംഭം കുറിച്ചത്. താജുദ്ദീൻ നിസാമിയുടെ നേതൃത്വത്തിൽ ഓൺലൈൻ മൗലീദ് സദസ്സും നടന്നു. കെ.കെ റഫീഖ് ഫൈസി, ജാഫർ, ഖാദർ, ഹാരിസ് റഹ്മാനി നേതൃത്വം നൽകി.

മംഗൽപാടി പഞ്ചായത്ത് കെ എം സി സി മികച്ച സംഘാടനത്തിന്റെ മാതൃക: ഇസ്മായിൽ

ദുബൈ: ഏറ്റെടുത്ത പദ്ധതികൾ വിജയകരമായും സമയബന്ധിതമായും നടപ്പാക്കുന്ന ദുബൈ കെ എം സി സി മംഗൽപാടി പഞ്ചായത്ത് കമ്മിറ്റി മികച്ച സംഘാടനത്തിന്റെ മാതൃകയാണെന്ന് ദുബൈ കെ എം സി സി ജില്ലാ വെൽഫെയർ സ്കീം ക്യാമ്പയിൻ ജനറൽ കൺവീനർ ഇസ്മായിൽ നാലാംവാതുക്കൽ അഭിപ്രായപ്പെട്ടു. പ്രമുഖ ഐടി വിദഗ്ദ്ധൻ കുഞ്ഞഹമ്മദ് മംഗൽപാടിക്ക് വെൽഫെയർ സ്കീം മെമ്പർഷിപ്പ് നൽകി സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇബ്രാഹിം ബേരിക്കെ, സുബൈർ കുബണൂർ, സൈഫുദ്ദീൻ മൊഗ്രാൽ, മുനീർ ബേരിക്കെ, സുഹൈൽ കോപ്പ, ജബ്ബാർ ബൈദല, മുഹമ്മദ് കളായി, ഹാഷിം സംബന്ധിച്ചു.

കൊയ്ത്തുത്സവം സമാപിച്ചു

ബന്തടുക്ക: പടുപ്പ് സൗഹാർദ്ദ വേദിയുടെ നേതൃത്വത്തിൽ ഏണിയാടി വളവിൽ മുപ്പത് വർഷത്തോളം തരിശായി കിടന്ന ഭൂമി ഏറ്റെടുത്ത് നെൽവയലാക്കി മാറ്റി നൂറുമേനി വിളവെടുപ്പ് നടത്തി. രണ്ടാംഘട്ട കൊയ്ത്തുത്സവം സൗഹാർദ്ദ വേദി പ്രസിഡന്റ് സുബൈർ പടുപ്പ് ഉദ്ഘാടനം ചെയ്തു. ടോജോ തോമസ് ആധ്യക്ഷം വഹിച്ചു. ലോഹിതാക്ഷൻ, സുരേന്ദ്രൻ, ഷാഫി സുഹരി, കെ പി ഉമ്മർ, പി എം റസാഖ്, രഘുനാഥ്, പ്രമോദ് ബ്രദേഴ്സ്, പി ജെ ചാക്കോ തുടങ്ങിയവർ പ്രസംഗിച്ചു. ഹരിഹരൻ സ്വാഗതവും സുമി നന്ദിയും പറഞ്ഞു.

നബിദിനം: മൊഗ്രാൽ മീലാദ് നഗറിൽ പതാക ഉയർന്നു

മൊഗ്രാൽ: മുഹമ്മദ് നബിയുടെ ജന്മദിനത്തിൽ മൊഗ്രാൽ മീലാദ് നഗറിൽ പതാക ഉയർത്തി. മൗലീദ് പാരായണവും മറ്റു ചടങ്ങുകളും 15ന് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു സംഘടിപ്പിക്കാൻ തീരുമാനിച്ചു. ബി എ മുഹമ്മദ് കുഞ്ഞി പതാക ഉയർത്തി. കെ എ മുഹമ്മദ്, എസ് കെ കാസിം, എം എ മൂസ, എം പി അബ്ദുൽ ഖാദർ, എം എ ഇക്ബാൽ, ടി എ ജലാൽ, പി വി അൻവർ, സിദ്ദീഖ്, ടി എം ഇബ്രാഹിം, മുഹമ്മദ് ഫസൽ ടി പി, സുറൈഖ് പിഎം, ജവാദ്, മിദ്ലാജ് ടി പി, ഷാഹിൽ, മുഫീദ്, റാഴി, അൻവർ, ഫായിസ്, അദ്നാൻ ടി പി തുടങ്ങിയവർ സംബന്ധിച്ചു.

റെയിൽവെ ട്രാക്കിൽ കാട് അപകട ഭീഷണിയാകുന്നു

മൊഗ്രാൽ: ഇരട്ടപ്പാതയുടെ ഇരു ഭാഗങ്ങളിലും കാടുമൂടിയതോടെ കാൽനട യാത്രക്കാർക്ക് ഭീഷണി. കാടുമൂടി കിടക്കുന്നതിനാൽ പാളം മുറിച്ചു കടക്കുന്ന യാത്രക്കാർക്ക് രണ്ടാമത്തെ ട്രാക്കിലൂടെ ട്രയിൻ വരുന്നതു കാണാനാകില്ല. ഇതാണ് ഏതു സമയത്തും അപകടത്തിനു ഇരയാകാമെന്ന ഭീതിക്കു കാരണം.

കോവിഡ് നിയന്ത്രണം അവഗണിച്ച് റെയിൽ ഗതാഗതം സജീവമാകുന്നതോടെ അപകട ഭീഷണി വർധിക്കുമെന്നാണ് നാട്ടുകാരുടെ ആശങ്ക.

മൊഗ്രാലിൽ റെയിൽവെ ട്രാക്കിലേക്ക് വളർന്നു മറിഞ്ഞ കാട്

അനോഡി പള്ളം ജല സംരക്ഷണ പദ്ധതി ഉദ്ഘാടനം നാളെ

കാസർകോട്: പുത്തിഗെ പഞ്ചായത്തിലെ അനോഡി പള്ളം സംരക്ഷിക്കാൻ പദ്ധതിയൊരുങ്ങി. 50 ലക്ഷം രൂപ അടങ്കൽ കണക്കാക്കിയുള്ള പദ്ധതിയുടെ പ്രവൃത്തി ഉദ്ഘാടനം നാളെ രാവിലെ 10.30ന് മന്ത്രി ഇ.ചന്ദ്രശേഖരൻ നിർവഹിക്കും. എച്ച് എ.എൽ -സി എസ് ആർ എഫ് ഉപയോഗിച്ചാണ് സംസ്ഥാന സർക്കാർ പദ്ധതി നടപ്പാക്കുന്നത്. ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബുവിന്റെ നേതൃത്വത്തിലാണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടക്കുന്നത്. അഞ്ച് കോടി ലിറ്റർ ജല സംഭരണശേഷിയുള്ള അനോഡി പള്ളം നിലവിൽ മണ്ണടിഞ്ഞു മാലിന്യങ്ങൾ നിറഞ്ഞ് നാശത്തിന്റെ വക്കിലാണ്. പള്ളം അഭിവൃദ്ധിപ്പെടുത്തുക വഴി പ്രദേശത്തെ ഭൂഗർഭജലവിതാനം ഉയർത്തുന്നതിലും കുടിവെള്ളത്തിനും കൃഷിക്കും ജലലഭ്യത ഉറപ്പാക്കുന്നതിനും സാധിക്കുമെന്നാണ് പ്രതീക്ഷ.

മുഖ്യമന്ത്രിയുടെ രാജിയാവശ്യപ്പെട്ട് കളക്ട്രേറ്റിൽ കോൺഗ്രസ് നടത്തിയ ഉപവാസം

ഉപവാസം നടത്തി

കാസർകോട്: മുഖ്യമന്ത്രി പിണറായി വിജയൻ രാജിവെക്കണമെന്നാവശ്യപ്പെട്ടും കർഷക വിരുദ്ധ ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടും ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കളക്ടറേറ്റ് പടിക്കൽ ഉപവാസം നടത്തി. രാജ്മോഹൻ ഉണ്ണിത്താൻ എം.പി ഉദ്ഘാടനം ചെയ്തു. ഡിസിസി പ്രസിഡന്റ് ഹക്കീം കുന്നിൽ ആധ്യക്ഷം വഹിച്ചു. കെ പി കുഞ്ഞിക്കണ്ണൻ മുഖ്യപ്രഭാഷണം നടത്തി. സമാപന സമ്മേളനം സി.കെ. ശ്രീധരൻ ഉദ്ഘാടനം ചെയ്തു. കെ. നീലകണ്ഠൻ, ബാലകൃഷ്ണൻ പെരിയ, പി.ജി ദേവ്, പി.കെ ഫൈസൽ, പി.വി സുരേഷ്, സി.വി ജെയിംസ്, മാമുനി വിജയൻ, വി. ആർ വിദ്യാസാഗർ, വിനോദ്കുമാർ പള്ളയിൽ വീട്, കരുൺ താപ്പ, ഹരീഷ്.പി.നായർ, കെ.വി സുധാകരൻ,സുന്ദര ആരിക്കാടി,ഗീത കൃഷ്ണൻ,കെ. ഖാലിദ്,പത്മരാജൻ ഐങ്ങോത്ത്,ജോമോൻ ജോസ്, ബി പി പ്രദീപ് കുമാർ, രാജേഷ് പള്ളിക്കര, ജി നാരായണൻ, പുരുഷോത്തമൻ നായർ, എ.വാസുദേവൻ, കെ.ടി സുഭാഷ് നാരായണൻ, എം രാജീവൻ നമ്പ്യാർ, ധന്യ സുരേഷ് സംസാരിച്ചു.

സത്യാഗ്രഹ സമരം നടത്തി

കാസർകോട്: മുഖ്യമന്ത്രി രാജിവെക്കണമെന്നാവശ്യപ്പെട്ട് നെല്ലിക്കുന്ന് മേഖലാ കമ്മിറ്റി നടത്തിയ സത്യഗ്രഹം എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ. ഉൽഘാടനം ചെയ്തു.ആർ. ഗംഗാധരൻ ആധ്യക്ഷം വഹിച്ചു. അബ്ബാസ് ബീഗം, ജി. നാരായണൻ, സിയാന ഹനീഫ്, ഖമറുദ്ധീൻ, എൻ.ഇ. അബ്ദുൽ റഹ്മാൻ ,വി ജയൻ, ഹനീഫ്, ജയറാം, അൻസാരി ബണ്ടി, ആസിഫ് ബീഗം, എൻ.എം.സാദിഖ്, മുസമ്മിൽ ടി.എച്ച്., ശമീർ ചേരൂർ, അബ്ദുൽ റഹ്മാൻ സംബന്ധിച്ചു.

വേഗത്തിലുള്ള വിചാരണയും നീതിയും വളരെ പ്രാധാന്യമർഹിക്കുന്നു: ജസ്റ്റിസ് എ എം ഷഫീക്ക്

കാസർകോട്: നീതിന്യായ വ്യവസ്ഥയിൽ വേഗത്തിലുള്ള വിചാരണയും വേഗത്തിൽ ലഭ്യമാവുന്ന നീതിയും വളരെ പ്രാധാന്യമർഹിക്കുന്നതാണെന്ന് ഹൈക്കോടതി ജഡ്ജി എ എം ഷഫീക്ക് പറഞ്ഞു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായി നടക്കുന്ന ബലാൽസംഗ-പോക്സോ കേസുകളുടെ വിചാരണകൾ വേഗത്തിലാക്കുവാൻ സംസ്ഥാനത്ത് സജ്ജമാക്കിയ അഞ്ച് ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോടതികളുടെയും കാസർകോട് ജില്ലയ്ക്ക് അനുവദിച്ച വാഹനാപകട നഷ്ടപരിഹാര ട്രിബ്യൂണലിന്റെയും ഉദ്ഘാടന ചടങ്ങിൽ ആധ്യക്ഷം വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. അതിക്രമങ്ങൾക്ക് വിധേയരാവുന്നവർക്ക് ഉടൻ തന്നെ ആശ്വാസം നൽകേണ്ടതും ബന്ധപ്പെട്ട കക്ഷികൾക്ക് നീതി ലഭ്യമാക്കേണ്ടതും അനിവാര്യമായ ബാധ്യതയാണ്.

ഇതോടൊപ്പം കുറ്റാരോപിതനും ഉചിതമായ പരിഗണന നൽകേണ്ടതുണ്ട്. ആരോപണത്തെ എതിർക്കാനുള്ള അവകാശവും ഭരണഘടന നൽകുന്നുണ്ട്.

കേരളത്തിൽ നിലവിൽ 8176 പോക്സോ കേസുകളും 6194 ബലാൽസംഗക്കേസുകളുമാണ് കോടതികളുടെ മുന്നിലുള്ളത്. പ്രത്യേക കോടതികളിലൂടെ വേഗത്തിലുള്ള വിചാരണയും തീർപ്പാക്കലുമെന്ന ലക്ഷ്യമാണ് നിർവ്വഹിക്കപ്പെടുന്നത്. മാർച്ചിൽ തന്നെ അഞ്ച് കോടതികൾ പ്രവർത്തനമാരംഭിക്കേണ്ടിയിരുന്നെങ്കിലും കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി ഉദ്ഘാടനം നീണ്ടു പോവുകയായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

മഹാകവി പി കുഞ്ഞിരാമൻ നായരുടെ ഭവനം സന്ദർശിച്ചു

കാഞ്ഞങ്ങാട്: വെള്ളിക്കോത്ത് മഹാകവി പി .കുഞ്ഞിരാമൻ നായരുടെ ബാല്യകാലം ചെലവഴിച്ച വെള്ളിക്കോത്തെ പൗരാണിക വസതി കവിയുടെ സ്മാരക മന്ദിരമായി നിലനിർത്താൻ സർക്കാർ മുൻകൈയെടുക്കണമെന്ന് പി.ടി.തോമസ് എം. എൽ.എ ആവശ്യപ്പെട്ടു. ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരിന് കത്തു നൽകുമെന്ന് പി.ടി.തോമസ്, കവിയുടെ വീട് സന്ദർശിച്ച ശേഷം അറിയിച്ചു. കെ.പി.സി.സി. ഭാരവാഹികളായ എം.അസിനാർ, ബാലകൃഷ്ണൻ പെരിയ, പത്മരാജൻ ഐങ്ങോത്ത്, സതീശൻ, എൻ.വി.അരവിന്ദാക്ഷൻ നായർ, നിഷാന്ത് വി. വി, പി. ബാലകൃഷ്ണൻ എന്നിവർ കൂടെയുണ്ടായിരുന്നു. കവിയുടെ മകൻ വി.രവീന്ദ്രൻ നായരും കുടുംബാംഗങ്ങളും എം. എൽ.എയെ സ്വീകരിച്ചു.

മഹാകവി പി കുഞ്ഞിരാമൻ നായരുടെ വെള്ളിക്കോത്തെ ബാല്യകാലഭവനം പി ടി തോമസ് എം എൽ എ സന്ദർശിക്കുന്നു

ഓർമ്മപ്പെടുത്തലുകൾ അനിവാര്യം: സിവി

കൃക്കാനം റഹ്മാൻ രചിച്ച പുസ്തക പ്രകാശനം സി.വി.ബാലകൃഷ്ണൻ നിർവ്വഹിക്കുന്നു

കരിവെള്ളൂർ: സമൂഹത്തിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന മൂല്യനിരാസത്തിനെതിരെ ഓർമ്മപ്പെടുത്തലുകൾ അനിവാര്യമാണെന്ന് പ്രമുഖ സാഹിത്യകാരൻ സി.വി.ബാലകൃഷ്ണൻ അഭിപ്രായപ്പെട്ടു. കൃക്കാനം റഹ്മാൻ രചിച്ച ഓർമ്മകളുടെ സമാഹാരം എന്റെ സന്തോഷ സന്താപങ്ങൾ ചിലപ്പോൾ നിങ്ങളുടേതും എന്ന പുസ്തകത്തിന്റെ പ്രകാശനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. വി.ശശിധരൻ ആധ്യക്ഷം വഹിച്ചു. വൈക്കത്ത് നാരായണൻ പുസ്തകം ഏറ്റുവാങ്ങി. പി.വി. ചന്ദ്രൻ പുസ്തക പരിചയം നടത്തി. പഞ്ചായത്ത് മെമ്പർമാരായ ടി.വി. വിനോദ് കുമാർ, വി.വി.തങ്കമണി. എന്നിവരും ടി.പി. ജലീൽ, എം.വി.പവിത്രൻ, എൻ.വി. അശോകൻ.വി. വി. സന്തോഷ് കുമാർ, ധനരാജ് സംസാരിച്ചു. ഗ്രന്ഥകാരൻ കൃക്കാനം റഹ്മാൻ മറുപടി പ്രസംഗം നടത്തി.

വാളയാർ പ്രതിഷേധ സമരവുമായി ജനശ്രീ

രാജപുരം: ജനശ്രീ പനത്തടി മണ്ഡലം സഭയും, ഇരിക്കും കല്ല് ജനശ്രീ യൂണിറ്റും സംയുക്തമായി വാളയാറിലെ അമ്മയ് ക്കൊപ്പം ക്യാമ്പയിൻ നടത്തി. മണ്ഡലം ചെയർമാൻ രാജീവ് തോമസ്, മണ്ഡലം സെക്രട്ടറി വിനോദ് കുമാർ,യൂണിറ്റ് ചെയർമാൻ വിനോദ് ഫിലിപ്പ്, പഞ്ചായത്ത് മെമ്പർ ആശാ സുരേഷ്, എം.ജയകുമാർ, വത്സമ്മ അബ്രാഹം, ബിജു നേതൃത്വം നൽകി.

ജില്ലാ കോൺഗ്രസ് കമ്മിറ്റി നടത്തിയ ഇന്ദിരാഗാന്ധി അനുസ്മരണം രാജ്മോഹൻ ഉണ്ണിത്താൻ എം.പി ഉദ്ഘാടനം ചെയ്യുന്നു

ബി.എം.എസ് മേഖലാ സമ്മേളനം

ബദിയഡുക്ക: ബി.എം.എസ് ബദിയഡുക്ക മേഖലാ സമ്മേളനം ജില്ലാ ജോയിന്റ് സെക്രട്ടറി ഗോവിന്ദൻ മടിക്കൈ ഉദ്ഘാടനം ചെയ്തു. മുതിർന്ന പ്രവർത്തകൻ പുരുഷോത്തമ ആചാര്യയെയും, ഭൂമിശാസ്ത്രത്തിൽ മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ഗോൾഡ് മെഡലോടെ ഒന്നാം റാങ്ക് കരസ്ഥമാക്കിയ അർപ്പിത നീർച്ചാലിനെയും ആദരിച്ചു. കൃഷ്ണ പ്രസാദ്, രാജ്മോഹൻ, രവി ഏത്തടുക്ക സംസാരിച്ചു.

ഇന്ദിരാജിയെ അനുസ്മരിച്ചു

കാസർകോട്: ജില്ലാ കോൺഗ്രസ് കമ്മിറ്റി സംഘടിപ്പിച്ച മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ മുപ്പത്തിയാറാം രക്തസാക്ഷിത്വ ദിന അനുസ്മരണം രാജ്മോഹൻ ഉണ്ണിത്താൻ എംപി ഉദ്ഘാടനം ചെയ്തു.ഡി.സി.സി പ്രസിഡണ്ട് ഹക്കീം കുന്നിൽ ആധ്യക്ഷം വഹിച്ചു.

കെ. നീലകണ്ഠൻ, ഹരീഷ്.പി.നായർ, വി.ആർ.വിദ്യാസാഗർ, കരുൺ താപ്പ, വിനോദ് കുമാർ പള്ളയിൽ വീട്,ധന്യ സുരേഷ്,കെ.ഖാലിദ്, എം. പുരുഷോത്തമൻ നായർ, എ. വാസുദേവൻ, അർജുനൻ തായലങ്ങാടി, സി.ജെ ടോണി, ഉമേശ് അണങ്കൂർ, ജമീല അഹമ്മദ്, അച്ചേരി ബാലകൃഷ്ണൻ, മണികണ്ഠൻ നമ്പ്യാർ, കെ ശ്രീധരൻ, മാമുനി വിജയൻ, സി. വി ജെയിംസ് സംസാരിച്ചു.

ജനങ്ങൾ ചെകുത്താനും കടലിനും ഇടയിൽ :പി.ടി. തോമസ് എം.എൽ.എ

കാഞ്ഞങ്ങാട്: സ്വർണ്ണക്കടത്ത്, ഹവാല, മയക്കുമരുന്ന് എന്നിവയുടെ മൊത്തക്കച്ചവടക്കാരായി ഇടതുപക്ഷ സർക്കാർ മാറിയിരിക്കുന്നുവെന്നു പി. ടി.തോമസ് എംഎൽഎ പരിഹസിച്ചു. കെപിസിസി സെക്രട്ടറിമാരായി തിരഞ്ഞെടുക്കപ്പെട്ടു. എം. അസിനാർ, ബാലകൃഷ്ണൻ പെരിയ, ഷീബ എന്നിവരെ ആദരിക്കുന്നതിന്റെ ഭാഗമായി അജാനൂർ മണ്ഡലം കോൺഗ്രസ്സ് കമ്മിറ്റി സംഘടിപ്പിച്ച ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സതീശൻ പരക്കാട്ടിൽ ആധ്യക്ഷം വഹിച്ചു. ടി. കെ. സുധാകരൻ, എം. അസിനാർ, ബാലകൃഷ്ണൻ പെരിയ, പി. വി. സുരേഷ്, മഡിയൻ

കെ പി സി സി സെക്രട്ടറിമാരായി തെരഞ്ഞെടുക്കപ്പെട്ടവരെ ആദരിക്കുന്നതിന്റെ ഭാഗമായി അജാനൂർ മണ്ഡലം കോൺഗ്രസ്സ് കമ്മിറ്റി സംഘടിപ്പിച്ച ചടങ്ങ് പി ടി തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

ഉണ്ണികൃഷ്ണൻ, എൻ. വി. അരവിന്ദാക്ഷൻ നായർ, നിഷാന്ത്. വി.വി, ദിനേശൻ മൂലക്കണ്ടം, കെ. രവീന്ദ്രൻ, എക്കാൽ നാരായണൻ, മുഹമ്മദ് കുഞ്ഞി, പി. ബാലകൃഷ്ണൻ വെള്ളിക്കോത്ത്, ശ്രീനിവാസൻ മഡിയൻ, ഇസ്മായിൽ, മോഹനൻ തണ്ണോട്ട്, രമദേവി. പി, രാജീവൻ വെള്ളിക്കോത്ത്, ഗദ്ദാഫി മുലക്കണ്ടം,കെ. ചന്ദ്രൻ, അനീഷ് രാവണേശ്വരം സംസാരിച്ചു.

യുവാവിനെ ആക്രമിച്ച കേസ്; അന്വേഷണമില്ലെന്നു പരാതി

കാഞ്ഞങ്ങാട്: അക്രമിക്കുകയും ഉപജീവന മാർഗ്ഗമായ ഓട്ടോറിക്ഷ തകർക്കുകയും ചെയ്ത സംഭവത്തിൽ പൊലീസ് നിഷ്ക്രിയമായി പ്രവർത്തിക്കുകയാണെന്ന് ഭീമനടി സ്വദേശിയായ അബ്ദുൽ മജീദ് കാഞ്ഞങ്ങാട് പത്രസമ്മേളനത്തിൽ ആരോപിച്ചു. കഴിഞ്ഞ മാസം 4ന് ഒരു സംഘം തന്നെ ആക്രമിക്കുകയും ഉപജീവനമാർഗമായ ഓട്ടോറിക്ഷ തകർക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് ചിറ്റാരിക്കൽ പൊലീസിൽ പരാതി കൊടുത്തെങ്കിലും അത് കൃത്യമായി അന്വേഷണം നടത്താൻ പോലീസ് തയ്യാറാവുന്നില്ല. പിന്നീട് വീട്ടിൽ കയറി വീണ്ടും ആക്രമമുണ്ടായി. അത് തടയാൻ ചെന്ന ഭാര്യക്കും മാതാവിനും നേരെ ആക്രമി സംഘം ആക്രമം അഴിച്ച് വിട്ടു. പൊതുകാര്യ പ്രസക്തമായ പല കാര്യങ്ങളിലും ഇടപെടുന്നതും അഴിമതി കഥകൾ വിവരാവകാശത്തിലൂടെ പുറത്ത് കൊണ്ട് വരുന്നതുമാണ് തനിക്ക് നേരെയുള്ള ആക്രമത്തിന് കാരണമെന്ന് അബ്ദുൽ മജീദ് കൂട്ടിച്ചേർത്തു.

അബ്ദുൾ മജീദ് പത്രസമ്മേളനത്തിനിടെ

നബിദിന ക്യാമ്പയിൻ നടത്തി

ഉദുമ: സമൂഹം നേരിടുന്ന പ്രതിസന്ധികളിൽ നിന്ന് മോക്ഷം ലഭിക്കാൻ പ്രവാചകചര്യ പിൻപറ്റി മുന്നേറണമെന്ന് എസ് വൈ എസ് ജില്ല ഓർഗനൈസിംഗ് സെക്രട്ടറി അബ്ദുൽ അസീസ് അഷ്റഫി പാണത്തൂർ ആഹ്വാനം ചെയ്തു. നബിദിന ക്യാംപയിൻ ഉൽഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ധേഹം. പ്രസിഡണ്ട് താജുദ്ധീൻ ചെമ്പിരിക്ക ആധ്യക്ഷം വഹിച്ചു. റഊഫ് ബായിക്കര സ്വാഗതം പറഞ്ഞു. അന്തരിച്ച എസ് വൈ എസ് ചെമനാട് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശംസുദ്ധീൻ ചെമ്പിരിക്കയുടെ പേരിൽ അനുശോചനം രേഖപെടുത്തി. മൗലീദ് സദസിന് ഷാഹുൽ ഹമീദ് ദാരിമി കോട്ടിക്കുളവും പ്രാർത്ഥന മജ്ലിസിന് അബ്ദുൽ അസീസ് അഷ്റഫി പാണത്തൂർ, അബ്ദുല്ല ഹാജി ഇല്ല്യാസ്,അബ്ദുല്ല പക്ര ഉദുമ,റഫീഖ് അങ്കക്കളരി,ഖാദർ കണ്ണമ്പള്ളി,ഹമീദ് ചെമ്പിരിക്ക നേതൃത്വം നൽകി.

എസ് എസ് എഫ് ശില്പശാല സംഘടിപ്പിച്ചു

കളനാട്: വിദ്യാർത്ഥികൾ തന്നെയാണ് വിപ്ലവം എന്ന ശീർഷകത്തിൽ നവംബർ ഒന്നിനു ആരംഭിച്ച എസ് എസ് എഫ് അംഗത്വ കാല പ്രവർത്തനങ്ങളുടെ ഒരുക്കങ്ങൾ പൂർത്തിയായി. ജാബിർ സഖാഫി പാലക്കാട്, ശക്കീർ പെട്ടിക്കുണ്ട് നേതൃത്വം നൽകി. മൻസൂർ കൈനോത്ത്, സഅദ് മേൽപറമ്പ്, ഉനൈസ് കളനാട് അബ്ദുൽ ജബ്ബാർ ബിലാൽ,ആഷിക് ഹദ്ദാദ്, അബ്ദുല്ല എരോൽ, സ്വാലിഹ് ചട്ടഞ്ചാൽ പങ്കെടുത്തു.

കളനാട്ടിൽ നടന്ന എം.എസ്.എഫ് ശിൽപ്പശാല

സ്വർണ മെഡലും ഉപഹാരവും നൽകി

കാസർകോട്: കേരള കേന്ദ്രസർവകലാശാലയിൽ നിന്നും എം എ മലയാളത്തിൽ മൂന്നാം റാങ്ക് നേടിയ ഹസീന യാസ്മീനെ എരിയപ്പാടി കിംഗ്സ്റ്റാർ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് അനുമോദിച്ചു. രാജ്മോഹൻ ഉണ്ണിത്താൻ എംപി റാങ്ക് ജേതാവിന് മെഡലും ഉപഹാരവും കൈമാറി. പ്രസിഡന്റ് ബഷീർ എ, സെക്രട്ടറി മുഹമ്മദ്കുഞ്ഞി വൈ എ, ഔഫ് ഇ എ, ഹാഷിം സി. എം, നിഷാദ് മുഡൂർ സംസാരിച്ചു.

ഹസീന യാസ്മീനുള്ള ഉപഹാരം എം.പി കൈമാറുന്നു

മഡിയൻ എ എൽ പി സ്കൂൾ കെട്ടിടോദ്ഘാടനം മന്ത്രി ഇ ചന്ദ്രശേഖരൻ നിർവ്വഹിക്കുന്നു